**കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി, കോട്ടക്കൽ**

(കേരള സർക്കാർ സ്ഥാപനം)

**എടരിക്കോട് പോസ്റ്റ്, മലപ്പുറം - 676501, കേരളം**

Phone:0483-2751874,2751571,e-mail:ceo.kasrs@kerala.gov.in,ed.kasrs@kerala.gov.in,www.kasrs.org

നമ്പർ: **KASRS/537/2025-E4** തിയ്യതി : **13-07-2026**

## ലേല പരസ്യം

കേരള ആയുർവ്വേദ പഠന ഗവേഷണ സൊസൈറ്റിയുടെ അധീനതയിലുള്ള വൈദ്യരത്നം പി.എസ്. വാരിയർ ആയുർവ്വേദ കോളേജ് മെയിൻ ബിൽഡിംഗിന്റെ പിറകുവശത്തുള്ള ബദാംമരവും, കെട്ടിടത്തിലേക്ക് ചാഞ്ഞു നിൽക്കുന്ന ഉങ്ങ് മരവും മുറിച്ചു മാറ്റിയിട്ടുണ്ട്. ഏകദേശം 3 ടൺ ഭാരം വരുന്ന മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതാണ്.

| | |
|---|---|
| **ലേല തീയ്യതി :** | **ഉച്ചക്ക് 12 മണി** |
| **നിരതദ്രവ്യം:** | **500/- രൂപ** |
| **നിരതദ്രവ്യം അടവാക്കേണ്ട സമയം:** | **17.07.2026 രാവിലെ 11 മണി** |

നിരതദ്രവ്യം കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി ഓഫീസിൽ നേരിട്ട് അടവാക്കാവുന്നതാണ്. നിരതദ്രവ്യം മുൻകൂർ അടവാക്കുന്ന ലേലക്കാരന് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ.

ലേലം കൈകൊണ്ട വ്യക്തി ലേലവിലയുടെ 35% തുക ലേല സ്ഥിരീകരണ അറിയിപ്പ് ലഭിച്ച് 7 പ്രവൃത്തി ദിവസങ്ങൾക്കകം അടയ്ക്കേണ്ടതാണ്. ടി തുക കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി ഓഫീസിൽ നേരിട്ട് അടവാക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം ലേലം കൊണ്ട മരത്തിന്റെ ബാക്കി തുക അടയ്ക്കാൻ വീഴ്ച വരുത്തിയാൽ ലേലക്കാരന്റെ നിരതദ്രവ്യം സൊസൈറ്റി ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതും ആയത് ഒരു കാരണവശാലും തിരിച്ച് നൽകാത്തതുമാണ്. മരങ്ങളുടെ വിശദാംശങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് പരിശോധിക്കാവുന്നതാണ്.

ലേലത്തിൽ പറഞ്ഞിട്ടുള്ള മരങ്ങളുടെ അളവിൽ മാറ്റം വരുത്തുന്നതിനോ, അറിയിച്ച ലേലം റദ്ദ് ചെയ്യുന്നതിനോ ഉള്ള അധികാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച വിശദവിവരങ്ങൾക്ക് കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിയുടെ ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**<u>നിബന്ധനകൾ</u>**

1. ലേലം ഒരു നിശ്ചിത തുകയുടെ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. മരങ്ങൾ വിൽപനയിലൂടെ നീക്കം ചെയ്യൽ സംബന്ധിച്ച ജോലിക്ക് വേണ്ടിയാണ് ഇത് തീരുമാനിച്ചിരിക്കുന്നത്.
2. ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ ലേലത്തിന് മുൻപായി മരങ്ങൾ കണ്ട് ബോധ്യപ്പെടേണ്ടതും, ആക്ഷേപങ്ങളോ, പരാതികളോ ഉണ്ടെങ്കിൽ ലേലത്തിന് മുൻപായി രേഖാമൂലം സമർപ്പിക്കേണ്ടതുമാണ്. ലേലത്തിനു ശേഷം അവ സംബന്ധിച്ച് യാതൊരു പരാതികളും പരിഗണിക്കുന്നതല്ല.
3. ലേലം സംബന്ധിച്ച വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ കേരള ആയുർവ്വേദ പഠന ഗവേഷണ സൊസൈറ്റി എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ടാൽ അറിയാവുന്നതാണ്.
4. കൂടുതൽ തുകയ്ക്ക് ലേലം കൊള്ളുന്ന ആൾ മൊത്തം ലേലത്തുകയുടെ **35%** തുകയും, **10%** ഡിപ്പോസിറ്റും ലേലം അംഗീകരിച്ച് **7** പ്രവൃത്തി ദിവസങ്ങൾക്കകം ഒടുക്കേണ്ടതാണ്. ടി തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ടിയാൻ ഒടുക്കിയിട്ടുള്ള നിരതദ്രവ്യം സൊസൈറ്റി കണ്ടുകെട്ടുന്നതും, ടി മരങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുന്നതുമായിരിക്കും.
5. ലേലം കൊള്ളുന്ന ആൾക്ക് പ്രസ്തുത മരത്തിന് മാത്രമേ അവകാശമുണ്ടാവൂ. ക്യാമ്പസിലെ മറ്റ് മരങ്ങളിലോ, വിറകുകളിലോ അവകാശമുണ്ടായിരിക്കുന്നതല്ല.
6. ലേലം സ്ഥിരപ്പെടുത്തി അറിയിക്കുന്ന തിയ്യതി മുതൽ **15** ദിവസത്തിനകം ബാക്കി തുക അടവാക്കേണ്ടതാണ്. ടി കാലാവധിക്കുള്ളിൽ തുക ഒടുക്കാൻ കഴിയാതെ വന്നാൽ **18%** പലിശ നിരക്കിൽ തുകകൾ ഒടുക്കുന്നതിന് **30** ദിവസത്തേക്കും, **24%** പലിശ നിരക്കിൽ വീണ്ടും **30** ദിവസത്തേക്കും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് യുക്തംപോലെ കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്.
7. മുകളിലെ വ്യവസ്ഥ പ്രകാരം നീട്ടിക്കൊടുത്ത കാലാവധിക്കുള്ളിലും തുക ഒടുക്കുന്നതിന് വീഴ്ച വരുത്തിയാൽ ലേലക്കാരൻ ഒടുക്കിയിട്ടുള്ള എല്ലാ തുകയും കണ്ടുകെട്ടി ലേലം റദ്ദ് ചെയ്യുന്നതും, ലേലക്കാരനെ നഷ്ടോത്തരവാദിത്വത്തിൽ ടി മരങ്ങൾ പുനർലേലം ചെയ്യുന്നതുമാണ്. പുനർലേലം ചെയ്യുമ്പോൾ ലാഭം ഉണ്ടാകുകയാണെങ്കിൽ ആയതിന് ലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല. പുനർലേലത്തിലുണ്ടാകുന്ന എല്ലാ നഷ്ടങ്ങളും വീഴ്ചക്കാരനിൽ നിന്നും ഈടാക്കുന്നതുമാണ്.
8. ലേലക്കാരനോ, അയാളുടെ ആളുകളോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/കൺസ്ട്രക്ഷൻ എഞ്ചിനീയറുടെ അനുമതിയോടെ മാത്രമേ മരങ്ങൾ കൊണ്ടുപോകാൻ പാടുള്ളൂ.

9. യാതൊരു കാരണവശാലും ക്യാമ്പസിനകത്തെ മറ്റ് സ്ഥാവരജംഗമ വസ്തുക്കൾക്കും കേടുപാടുകളോ, നാശ നഷ്ടങ്ങളോ വരുത്താൻ പാടില്ല. അങ്ങിനെ ഉണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ പൂർണ്ണ ഉത്തരവാദിയാകുന്നതാണ്.

Digitally signed by
BINDU K K
Date: 14-07-2026
14:18:22

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (I/C)

**നോട്ടീസ് ബോർഡ്:-**

കേരള ആയുർവേദിക് സ്റ്റഡീസ് ആൻറ് റിസർച്ച് സൊസൈറ്റി, കോട്ടക്കൽ
വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളേജ്,കോട്ടക്കൽ
വൈദ്യരത്നം പി.എസ്. വാരിയർ ആയുർവേദ കോളേജ്ആശുപത്രി, കോട്ടക്കൽ
വില്ലേജ് ഓഫീസറുടെ കാര്യാലയം, കോട്ടക്കൽ.
ഗ്രാമ പഞ്ചായത്ത് കാര്യാലയം എടരിക്കോട്.
മുനിസിപ്പൽ കാര്യാലയം കോട്ടക്കൽ,
കൺസ്ട്രക്ഷൻ എഞ്ചിനീയർ (തുടർനടപടികൾക്കായി)

പകർപ്പ്: **ED's Table/CEO's Table,** ഒ.എസ്-I,II/എ1 സെക്ഷൻ / ഒ.സി.